834
23/11/15

കേരള സർക്കാർ

സംഗ്രഹം

സാമൂഹ്യനീതി വകുപ്പ്- ഡബ്ല്യു.പി(സി) നം.18954/2014 മേലുള്ള ബഹു. ഹൈക്കോടതിയുടെ 21.08.2014 ലെ വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

സാമൂഹ്യനീതി (ബി) വകുപ്പ്

സ.ഉ(സാധാ) നം. 770/2014/സാനീവ തീയതി, തിരുവനന്തപുരം,30.12.2014.

---

പരാമർശം:- 1) 01.06.2006 ലെ സ.ഉ(സാധാ)നം 237/2006/സാക്ഷേവ.
2) ശ്രീമതി. വീണ.ആർ - ന്റെ 28.06.2014 ലെ നിവേദനം
3) ശ്രീമതി. അനിത.കെ.എസ് - ന്റെ 16.07.2014 ലെ നിവേദനം
4) ഡബ്ല്യു.പി(സി) നം.18954/2014 മേലുള്ള ബഹു. ഹൈക്കോടതിയുടെ 21.08.2014 ലെ വിധിന്യായം.
5) സാമൂഹ്യനീതി ഡയറക്ടറുടെ 22.12.2014 ലെ ഐസിഡിഎസ്/ബി4-20592/14 നമ്പർ കത്ത്.

## ഉത്തരവ്

അങ്കണവാടി ഹെൽപ്പറായി സ്ഥിര നിയമനം നൽകണമെന്ന് അഭ്യർത്ഥിച്ച് ശ്രീമതി. വീണ.ആർ, ശ്രീമതി. അനിത.കെ.എസ് എന്നിവർ ചേർന്ന് ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത ഡബ്ല്യു.പി(സി)നം. 18954/2014 മേലുള്ള ബഹു. ഹൈക്കോടതിയുടെ പരാമർശം (4)-ലെ വിധിന്യായത്തിൽ ഒന്നാം എതിർകക്ഷിയായ സാമൂഹ്യനീതി വകുപ്പ് സെക്രട്ടറി, പരാതിക്കാരെ നേരിൽ കേട്ടതിനുശേഷം, പരാതിക്കാർ സർക്കാരിൽ സമർപ്പിച്ചിട്ടുള്ളതും, പ്രസ്തുത ഡബ്ല്യു.പി(സി)യിലെ Ext P5 & Ext P6 ഉം ആയ പരാമർശം (2),(3)-ലെ നിവേദനങ്ങളിന്മേൽ ഉചിതമായ തീരുമാനമെടുക്കണമെന്നും പ്രസ്തുത നിവേദനങ്ങളിന്മേൽ തീർപ്പുകൽപ്പിക്കുന്നതുവരെ തൽസ്ഥിതി തുടരണമെന്നും നിർദ്ദേശിച്ചിരുന്നു. ആയതിൻ പ്രകാരം പ്രസ്തുത കേസിലെ പരാതിക്കാരായ ശ്രീമതി. വീണയെയും ശ്രീമതി. അനിതയെയും 27.12.2014 ൽ സാമൂഹ്യനീതി വകുപ്പ് അഡീഷണൽ സെക്രട്ടറി നേരിൽ കേൾക്കുകയുണ്ടായി.

2) നേമം (അഡീഷണൽ) ഐസിഡിഎസ് പ്രോജക്ടിൻ കീഴിലുള്ള അങ്കണവാടികളിൽ 6 മാസത്തിലധികമായി ദിവസവേതനത്തിന് താല്ക്കാലികാടിസ്ഥാനത്തിൽ ഹെൽപ്പറായി ജോലി നോക്കിവരുന്ന ശ്രീമതി. വീണ.ആർ - നെയും (അങ്കണവാടി നമ്പർ 91), ശ്രീമതി. അനിത.കെ.എസ് - നെയും (അങ്കണവാടി നമ്പർ 100) അവർ സേവനമനുഷ്ഠിക്കുന്ന അങ്കണവാടികളിൽ തുടർന്നും ജോലി ചെയ്യാൻ അനുവദിക്കണമെന്നാണ് പരാമർശം (2),(3) ലെ നിവേദനങ്ങളിൽ പരാതിക്കാർ അഭ്യർത്ഥിച്ചിട്ടുള്ളത്. പരാമർശം (1) ലെ സർക്കാർ ഉത്തരവ് പ്രകാരം വാർഡ് മെമ്പർ ചെയർമാനായിട്ടുള്ള അങ്കണവാടി വെൽഫെയർ കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ ശിശുവികസന പദ്ധതി ഓഫീസർമാർ താൽക്കാലികമായി വർക്കർ/ഹെൽപ്പർമാരെ നിയോഗിക്കേണ്ടതാണെന്നും, താൽക്കാലികമായി നിയോഗിക്കുന്നവരുടെ സേവന കാലാവധി പരമാവധി 6 മാസം മാത്രമായിരിക്കുമെന്നും, 6 മാസകാലയളവിലേയ്ക്ക് നിയോഗിച്ച ഒരു വ്യക്തിയെ തുടർന്ന് 6 മാസം ഇടവേള നൽകിയതിന് ശേഷം മാത്രമേ പുനർനിയോഗത്തിന് പരിഗണിക്കാവൂ എന്നും

നിഷ്കർഷിച്ചിട്ടുണ്ട്. ശ്രീമതി.വീണയെയും ശ്രീമതി. അനിതയെയും താൽക്കാലിക ഹെൽപ്പർമാരായി തുടർന്നും നിയമിക്കുന്നതിന് വെൽഫെയർ കമ്മിറ്റി ശുപാർശ ചെയ്തിട്ടില്ലായെന്നും, സ്ഥിരനിയമനത്തിനായിട്ടുള്ള സീനിയോരിറ്റി ലിസ്റ്റിൽ ഇവർ ഉൾപ്പെട്ടിട്ടില്ലായെന്നും, ഹിയറിംഗിൽ പങ്കെടുത്ത നേമം (അഡീഷണൽ) ശിശുവികസന പദ്ധതി ഓഫീസർ അറിയിക്കുകയുണ്ടായി.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. താൽക്കാലികമായി അങ്കണവാടി വർക്കർ/ഹെൽപ്പർമാരെ നിയോഗിക്കുന്നതിനായുള്ള വെൽഫെയർ കമ്മിറ്റി ശ്രീമതി.വീണ.ആർ-നെയും ശ്രീമതി. അനിത.കെ.എസ് - നെയും താൽക്കാലിക ഹെൽപ്പർമാരായി തുടർന്നും നിയോഗിക്കുന്നതിന് ശുപാർശ ചെയ്യാത്ത സാഹചര്യത്തിൽ നേമം (അഡീഷണൽ) ഐസിഡിഎസ് പ്രോജക്ടിൻ കീഴിലുള്ള അങ്കണവാടി നമ്പർ. 91 - ൽ ഹെൽപ്പറായി തുടർന്നും ജോലി ചെയ്യുവാൻ അനുവദിക്കണമെന്ന ശ്രീമതി.വീണയുടെ അപേക്ഷയും, അങ്കണവാടി നമ്പർ. 100 - ൽ ഹെൽപ്പറായി തുടർന്നും ജോലി ചെയ്യുവാൻ അനുവദിക്കണമെന്ന ശ്രീമതി. അനിതയുടെ അപേക്ഷയും നിലവിലെ വ്യവസ്ഥകൾ പ്രകാരം പരിഗണിക്കാനാവാത്തതിനാൽ നിരസിച്ചും, ഇപ്രകാരം ഡബ്ല്യു.പി.(സി) നം. 18954/2014 മേലുള്ള ബഹു. ഹൈക്കോടതിയുടെ 21.08.2014 ലെ വിധിന്യായം നടപ്പിലാക്കിയും ഇതിനാൽ ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
ലീലാമണി.കെ.എം.
അഡീഷണൽ സെക്രട്ടറി

സാമൂഹ്യനീതി ഡയറക്ടർ, തിരുവനന്തപുരം.
അഡ്വക്കേറ്റ് ജനറൽ, കേരള ഹൈക്കോടതി, എറണാകുളം (ആമുഖ കത്ത് സഹിതം)
ശ്രീമതി.വീണ. ആർ, പ്രണവം, കാരോട്,പുട്ടിമേൽക്കോണം,
വിളപ്പിൽശാല പി.ഒ. തിരുവനന്തപുരം 695 573.
ശ്രീമതി. അനിത.കെ.എസ്, ചിരതലക്കൽ മേലേവീട്, കാരോട്,
വിളപ്പിൽശാല പി.ഒ. തിരുവനന്തപുരം 695 573.
ശിശു വികസന പദ്ധതി ഓഫീസർ, നേമം ഐ.സി.ഡി.എസ് പ്രോജക്ട് (അഡീഷണൽ),
മലയിൻകീഴ്, തിരുവനന്തപുരം 695 571.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എആൻറ്ഇ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഡി.ബി.സെൽ) കേരള, തിരുവനന്തപുരം.
വെബ് & ന്യു മീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ